LIBRARY ARCHIVES Kerala Legislative Assembly

## നിറവ് പദ്ധതി മലപ്പുറം ജില്ലയിൽ

207 (1646) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ 'നിറവ്' പദ്ധതി നടപ്പാക്കുന്ന മണ്ഡലങ്ങളിലേക്ക് അനുവദിച്ച തുക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(ബി) പൊന്നാനി മണ്ഡലത്തിലേക്ക് ഈ പദ്ധതിയിൽ തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ;

(സി) ഇല്ലായെങ്കിൽ എന്തുകൊണ്ടാണ് അനുവദിക്കാത്തത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നിറവ് പദ്ധതി നടപ്പിലാക്കുവാൻ മണ്ഡലാടിസ്ഥാനത്തിൽ തുകകളൊന്നും അനുവദിച്ചിട്ടില്ല.

(ബി) ഓരോ മണ്ഡലങ്ങൾക്കായി നിറവ് പദ്ധതിയിൽ തുക അനുവദിച്ചിട്ടില്ല എന്നാൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന ആർ.കെ.വി.വൈ. പദ്ധതിയിൽ നിറവ് മണ്ഡലങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയാണ് നടപ്പിലാക്കുന്നത്.

(സി) ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്താത്തതുകൊണ്ട് നിലവിലുള്ള കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നിറവ് പദ്ധതി നടപ്പിലാക്കുന്നത്.

## ആലപ്പുഴ ജില്ലയിലെ കൃഷിനാശം

208 (1647) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷവും വരൾച്ചയുംമൂലം ആലപ്പുഴ ജില്ലയിൽ സംഭവിച്ച കൃഷിനാശത്തിന്റെ കണക്ക് ലഭ്യമാക്കുമോ ;

(ബി) കൃഷിനാശം സംഭവിച്ചവർക്ക് അർഹമായ നഷ്ടപരിഹാരം നൽകിയിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) നഷ്ടപരിഹാരമായി നൽകേണ്ട തുക നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(ഡി) അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) മാവേലിക്കര നിയോജക മണ്ഡലത്തിൽ കർഷകർക്കു വിതരണം ചെയ്യാനുള്ള തുക എത്ര ; പ്രസ്തുത തുക അടിയന്തരമായി വിതരണംചെയ്യുമോ ; കുടിശ്ശികത്തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?